# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 727 — 12.12.2012-ൽ മറുപടിക്ക്

## എൻ.ആർ.എച്ച്.എം. പദ്ധതിയുടെ കേന്ദ്ര വിഹിതം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എ. അസീസ് : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) എൻ.ആർ.എച്ച്.എം. പദ്ധതിപ്രകാരം കേന്ദ്രത്തിൽ നിന്നും ഈ വർഷം എന്ത് തുകയാണ് ലഭിച്ചത് ; | (എ) ഈ സാമ്പത്തിക വർഷം 2012 ഏപ്രിൽ മുതൽ നവംബർ 30 വരെ 73.63 കോടി രൂപ കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാന വിഹിതമായി 30.11.2012 വരെ 74.06 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |
| (ബി) ഇതിൽ എന്ത് തുക ഏതൊക്കെ മേഖലകളിൽ ചെലവായിട്ടുണ്ട് ; | (ബി) ഇതിൽ ഒക്ടോബർ 31 വരെ എ (ആർ.സി.എച്ച്) വിഭാഗത്തിൽ ഉള്ള സ്കീമുകൾക്ക് 54.81 കോടി രൂപയും, ബി (മിഷൻ ഫ്ലെക്സിപൂൾ) വിഭാഗത്തിൽ ഉള്ള സ്കീമുകൾക്ക് 49.81 കോടി രൂപയും, സി (ഇമ്മ്യൂണൈസേഷൻ) വിഭാഗത്തിൽ ഉള്ള രോഗപ്രതിരോധ പരിപാടികൾക്കായി 3.98 കോടി രൂപയും ചെലവായിട്ടുണ്ട്. |
| (സി) എൻ.ആർ.എച്ച്.എം. പദ്ധതി പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും കൂടുതൽ തുക ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) വിവിധ ജില്ലകളിൽ നടപ്പിലാക്കാനുള്ള അഡീഷണൽ പ്രോജക്ടുകൾ ഉൾപ്പെടുത്തി 146.75 കോടി രൂപയുടെ സപ്ലിമെന്ററി പ്ലാൻ കേന്ദ്രഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ ഈ വർഷം എൻ.ആർ.എച്ച്.എം. പദ്ധതികൾക്കായി 563.28 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ